## വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. ടി. തോമസ്: സർ, ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ തൃക്കാക്കര എം.എൽ.എ. എന്ന നിലയിൽ വ്യക്തിപരമായി എന്നെ അധിക്ഷേപിക്കുന്ന ചില പരാമർശങ്ങൾ ഈ സഭയിൽ ഉണ്ടായി. അതിനെ സംബന്ധിച്ച് റൂൾ 288 അനുസരിച്ച് ഒരു പേഴസ്ണൽ എക്സ്പ്ലനേഷനുവേണ്ടി ഞാൻ എഴുതി തന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2 വിജിലൻസ് കേസുകൾ എന്റെ പേരിൽ എടുക്കുകയുണ്ടായി. ജ്ഞാനിയും നീതിമാനുമായ സോളമൻ രാജാവിന്റെ അർത്ഥ സഹോദരനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ മൗനാനുവാദത്തോടെയാണ് ഈ രണ്ട് കേസുകളും ഉണ്ടായിട്ടുള്ളത്. ബഹുമാന്യനായ  മുഖ്യമന്ത്രി, അങ്ങനെ ഉണ്ടായിയെന്നതിൽ എനിക്ക് വളരെ ആഹ്ലാദമുണ്ട്. 2006-2011 കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ 5 വർഷം രണ്ട് വിജിലൻസ് അന്വേഷണം എന്റെ പേരിൽ നടത്തി. അതിന്റെ ഫയൽ ഞാൻ വിവരാവകാശം വഴി വാങ്ങിച്ചു. അതിൽ അന്നത്തെ ഹോം സെക്രട്ടറി എഴുതിയിട്ടുണ്ട്, ഇത് അനാവശ്യമായ ഒരു അന്വേഷണമായിരുന്നുവെന്ന്. അതിൽ പറയപ്പെടുന്ന ആശയം ഉന്നയിച്ച കാര്യങ്ങൾക്കടിസ്ഥാനം ഇടപ്പള്ളി

പോലീസ് സ്റ്റേഷൻ ആക്രമണ കേസ് കമ്മ്യൂണിസ്റ്റുകാരുടെ രോമാഞ്ചജനകമായ ഒരു സ്വാതന്ത്ര്യ സമരമെന്നാണ് അവർ അവകാശപ്പെടുന്നത്. ആ കേസ്സിലെ പ്രതിയായിരുന്ന ദിനേശന്റെ ഇളയ മകൻ എന്റെ ഒരു ഡ്രൈവർ ആയിരുന്നു. അദ്ദേഹത്തിന് കുടികിടപ്പവകാശം കിട്ടേണ്ട സ്ഥലം കൊടുക്കാതെ ആ സ്ഥലം വിറ്റുകഴിഞ്ഞു. അവസാനം ഒരു തുണ്ടുഭൂമി, 3 സെന്റ് സ്ഥലത്ത് അവർ താമസിക്കുകയാണ്. ആ സ്ഥലം ഒഴിഞ്ഞുകൊടുക്കണമെങ്കിൽ 80 ലക്ഷം രൂപ കൊടുക്കാമെന്ന സ്ഥല ഉടമയും ഇവരും തമ്മിൽ എഗ്രിമെന്റ് ഉണ്ടാക്കി. 17 തവണ ദിനേശ് മണി അടക്കമുള്ള സി.പി.ഐ.(എം.) നേതാക്കൾ ചർച്ച നടത്തി തീർന്നില്ല. ഇവർ എന്റെ അടുത്ത് വന്നു. ഞാൻ അതിൽ ഇടപെട്ടു. മുദ്രപ്പത്രത്തിൽ കൃത്യമായി കരാർ എഴുതി ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്ന കരാർ അനുസരിച്ച് 20 ആളുകൾ പങ്കെടുക്കുന്ന യോഗത്തിൽ സി.പി.ഐ.(എം.) ബ്രാഞ്ച് സെക്രട്ടറി, ഗിരീശനടക്കം ലോക്കൽ കൗൺസിലുകളും റെസിഡന്റ് അസോസിയേഷൻ ആളുകളടക്കം ഞാൻ പങ്കെടുത്തിട്ടുണ്ട്. അതിൽ തീരുമാനം ആകുന്ന ഘട്ടത്തിൽ ഈ എഗ്രിമെന്റ് വായിച്ച് ഞാൻ അവിടെനിന്നും പോകുകയും എഗ്രിമെന്റ് നടപ്പാക്കാൻവേണ്ടി രണ്ടുകൂട്ടരും

തീരുമാനിച്ച ആളുകൾ വെണ്ണല സർവ്വീസ് സഹകരണ ബാങ്കിൽ ഈ 80 ലക്ഷം രൂപ നിക്ഷേപിക്കാൻ പോകുന്ന ഘട്ടത്തിൽ സി.പി.ഐ.(എം.)-കാർ ഒറ്റിയതിന്റെ അടിസ്ഥാനത്തിൽ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ അവരെ പിടിച്ചു. അപ്പോൾ ഞാൻ എന്റെ ഓഫീസിലാണ്. ഞാൻ വണ്ടിയിൽ കയറി പോരുമ്പോൾ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ വരുന്നത് കണ്ടു. ഞാൻ അവിടെ ഉള്ളപ്പോഴല്ല അവർ വന്നത്. ഈ നിമിഷം വരെ ഇൻകം ടാക്സ് ഉദ്യോഗസ്ഥർ എന്റെ പേരിൽ ഒരു കേസ് എടുത്തിട്ടില്ല. ഇന്നലെ ഈ ചോദ്യം ഉള്ളതുകൊണ്ട്, ഇന്നലെ ഒരു ഡിവൈ.എസ്.പി., ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിജിലൻസ് വിഭാഗം ഉദ്യോഗസ്ഥർ ഇതിനെപ്പറ്റി എന്തെങ്കിലും പറയാനുണ്ടോ എന്ന് ചോദിച്ചു. ആ വീട്ടുകാരടക്കം വിജിലൻസിന് മൊഴി കൊടുത്തിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആരോപണം ഉന്നയിച്ചവരെയും വെല്ലുവിളിക്കുന്നു. എന്റെ പേരിൽ ഒരു കുറ്റം കണ്ടെത്തിയാൽ ആ നിമിഷം ഞാൻ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്നുകൂടി ഞാൻ വിശുദ്ധനാകാൻ ചമയുകയല്ല. ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ ആ വിശുദ്ധി ഞാൻ കാത്ത് സൂക്ഷിക്കും. എന്നെങ്കിലും ആ

വിശുദ്ധി നഷ്ടപ്പെട്ടാൽ പി. ടി. തോമസ് പൊതുപ്രവർത്തനം തുടങ്ങില്ല. ഇത് ആണയിട്ടുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ശ്രീ. പിണറായി വിജയനും കൂട്ടരും ഓലപാമ്പ് കാട്ടി പേടിപ്പിച്ചാൽ അതിൽ പേടിക്കുന്നയാളല്ല പി. ടി. തോമസ് എന്ന് വ്യക്തമാക്കുന്നു. ഞാൻ വെല്ലുവിളിക്കുന്നു. നിങ്ങൾക്ക് എന്നെ ഏത് ഏജൻസിയെവച്ച് അന്വേഷിക്കൂ, നടപടിയെടുക്കൂ. ഞാൻ വെല്ലുവിളിക്കുന്നു. ഒരിക്കൽക്കൂടി വെല്ലുവിളിക്കുന്നു.